പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 505 — 23/03/2018-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുവാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്. ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) അമിതമായ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ വഴിയോ നേരിട്ടോ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും കർശന തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുവാനും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നവെന്ന രീതിയിലുള്ള പരാതികൾ ലഭിച്ചാൽ ആയവ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുകയും അത് 11 ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടു തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | മേയ് ഒന്നു മുതൽ ഇത് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നോക്കുകൂലി സംബന്ധിച്ച വിഷയത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08/03/2018-ൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ചുമട്ടുതൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ മെയ് 1-മുതൽ പൂർണ്ണമായി അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (സി) | ഉണ്ട്. നോക്കുകൂലി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പൈനാടത്ത് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 24706/16 നമ്പർ റിട്ട് പെറ്റീഷൻ മേലുള്ള 19.12.2016 തീയതിയിലെ കോടതി വിധിന്യായത്തിൽ നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്നുള്ളത് പരാമർശിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് നോക്കുകൂലി ഒരു തടസ്സമാണെന്ന് കരുതുന്നുണ്ടോ; അതിന്റെ ഭാഗമായിട്ടാണോ 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസിലൂടെ ഇത്തരം ഒരു ഭേദഗതി കൊണ്ടുവന്നത് എന്ന് വിശദമാക്കാമോ? | (ഡി) | നോക്കുകൂലി, വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ തടസമാണെന്നോ ആയതുമൂലം ഏതെങ്കിലും വ്യവസായങ്ങൾ പൂട്ടിപോയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തേയ്ക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിലെ ചട്ടങ്ങൾ വ്യവസായ നിയമങ്ങൾ അനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻ വേണ്ടി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്കരിച്ച് 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് കൊണ്ട് വന്നത്. |

സെക്ഷൻ ഓഫീസർ